## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3121 — 07.02.2018 ൽ മറുപടിയ്ക്ക്

### ഇന്റഗ്രേറ്റഡ് റവന്യൂ ഇ-പേയ്മെന്റ് സംവിധാനം

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ് | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്തു നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് റവന്യൂ ഇ-പേയ്മെന്റ് സംവിധാനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? പദ്ധതി എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ? | (എ) | സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1440 വില്ലേജുകളിൽ നികുതി ഓൺലൈനായി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റ് പെയ്മെന്റ് (ഭൂനികുതി, കെട്ടിട നികുതി, ആഡംബര നികുതി മുതലായവ) മാത്രമാണ് നികുതിദായകർക്ക് വില്ലേജ് ഓഫീസിൽ പോകാതെ നേരിട്ട് അടയ്ക്കുവാൻ സാധിക്കുന്നത്. ബാക്കിയെല്ലാ തുകകളും ഇ-പെയ്മെന്റ് വഴി വില്ലേജിൽ നേരിട്ട് സ്വീകരിക്കുന്നു. സമഗ്രമായ ഒരു ഇ-പെയ്മെന്റ് വയനാട്, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ഉടൻതന്നെ എല്ലാ ഗവൺമെന്റ് ഇതര പെയ്മെന്റുകളും ഓൺലൈൻ ആക്കാനുള്ള സംവിധാനം നിലവിൽ വരുന്നതാണ്. പദ്ധതികൾ ഫണ്ട് ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. |
| (ബി) | ഏതൊക്കെ സേവനങ്ങളാണ് പ്രസ്തുത സംവിധാനത്തിൻ കീഴിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ? | (ബി) | റവന്യൂ വകുപ്പ് മുഖാന്തിരമുള്ള എല്ലാ ഗവൺമെന്റ്, ഗവൺമെന്റേതര പെയ്മെന്റുകളും ഓൺലൈൻ സംവിധാനം വഴിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ